പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3491     16.12.2015 - ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## നാടോടികൾക്ക് സുരക്ഷിത താമസ സൗകര്യം

ചോദ്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. വർക്കല കഹാർ

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ.സി.പി.മുഹമ്മദ്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നാടോടികൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'എന്റെ കൂട്'. നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ ഒരു ദിവസം സുരക്ഷിതമായി താമസിക്കുവാൻ ഒരിടം എന്ന ആശയത്തിലൂന്നിയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. സാമൂഹ്യ വിരുദ്ധരിൽ നിന്നുള്ള പീഢനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുക, പുനരധിവാസം സാധ്യമാവുകയാണെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുക, കുടുംബ പ്രശ്നങ്ങൾ മൂലമാണ് തെരുവിലെത്തപ്പെടുന്നതെങ്കിൽ അവരെ തിരിച്ച് കുടുംബത്തിലെത്തിക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | Pilot പ്രോജക്ടായി കോഴിക്കോട് ജില്ലയിൽ പുതിയറയിൽ 'എന്റെ കൂട്' പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ